ഉത്തരം

വിവിധ തസ്തികകളിലായി 1146 പേർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വികലാംഗർക്ക് സംവരണം

151 [1332] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വികലാംഗർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം എന്ന് വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ സംവരണം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഈ അടുത്ത കാലത്ത് നേരിട്ടുള്ള നിയമനങ്ങളൊന്നുംതന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയിട്ടില്ല. ഉടനടി നിയമനം നടത്താൻ ഉദ്ദേശിക്കുന്നുമില്ല.

സപ്ലൈ ഓഫീസുകളെ റവന്യൂ ബോർഡുമായി ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല

152 [1333] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

പൊതു വിതരണരംഗം കാര്യക്ഷമമാക്കുന്നതിന് എല്ലാ ജില്ലാ സപ്ലൈ ഓഫീസുകളേയും കമ്പ്യൂട്ടർ ശൃംഖലയിലൂടെ റവന്യൂ ബോർഡുമായി ബന്ധിപ്പിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

എല്ലാ ജില്ലാ സപ്ലൈ ഓഫീസുകളിലും കമ്പ്യൂട്ടർ നിലവിൽ വന്നിട്ടില്ല. എന്നിരുന്നാലും ജില്ലാ തലസ്ഥാനങ്ങളിലുള്ള എൻ.ഐ.സി.-യുടെ കമ്പ്യൂട്ടറുകൾ എല്ലാ സപ്ലൈ ഓഫീസർമാരും ഉപയോഗിക്കുന്നുണ്ട്. ഈ കമ്പ്യൂട്ടറുകൾ എൻ.ഐ.സി.-യുടെ സംസ്ഥാനതല കമ്പ്യൂട്ടറുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. ഈ ശൃംഖലയിലൂടെ വിവരങ്ങൾ അയയ്ക്കുന്നുമുണ്ട്.

സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ

153 [1334] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1995-96-ൽ സപ്ലൈകോ എവിടെയെല്ലാം സൂപ്പർ മാർക്കറ്റ് ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1995-96-ൽ മഞ്ചേരി, കൽപ്പറ്റ, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ സപ്ലൈകോ, സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചു.

റേഷൻ സാധനങ്ങളുടെ വിലനിലവാരം

154 [1335] ശ്രീ. വി. കേശവൻ:
ശ്രീമതി എൻ. കെ. രാധ:
ശ്രീ. ലോനപ്പൻ നമ്പാടൻ:
,, എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി:
,, പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 1991-ൽ ഐക്യജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോൾ ന്യായവില ഷാപ്പുകളിലൂടെ വിതരണം ചെയ്തിരുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വില എന്തായിരുന്നു;

(സി) ഇപ്പോൾ റേഷൻകടകളിൽക്കൂടി വിതരണം ചെയ്യുന്ന അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ വില എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ സാധനങ്ങളുടെ വില എത്ര പ്രാവശ്യം വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഓരോ ഇനത്തിലും വിലയിൽ വന്ന വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇനിയും ഇവയുടെ വില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) സംസ്ഥാനത്തെ റേഷൻകടകൾവഴി 1991-92 മുതൽ 1994-95 വരെ ഓരോ വർഷവും വിതരണം ചെയ്ത അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ മൊത്ത അളവ് എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്നു.†

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly